ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.12.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന് രാജ്യത്തിന്റെ അന്ത്യാഞ്ജലി, സംസ്കാരം പൂർണ ഔദ്യോഗിക ബഹുമതികളോടെ, സാക്ഷിയായി പ്രമുഖർ.

   **Nation Bids Farewell to Former Prime Minister Dr. Manmohan Singh with Full State Honors; dignitaries witness the funeral.**

2. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ 'മൻ കീ ബാത്തിന്റെ 117-ാം പതിപ്പ് നാളെ.

   **The 117th edition of PM Narendra Modi's monthly radio programme 'Mann Ki Baat' will be held tomorrow.**

3. ബഹിരാകാശത്ത് ഉപഗ്രഹങ്ങൾ സംയോജിപ്പിക്കുന്ന ഇന്ത്യയുടെ 'സ്പാഡെക്സ്' പരീക്ഷണത്തിന് സജ്ജമായി ഐഎസ്ആർഒ.

   **ISRO is all set to test India's 'Spadex', which will combine satellites in space.**

4. വോട്ടർമാരുടെ ലിംഗാനുപാതത്തിൽ കേരളം രാജ്യത്ത് രണ്ടാമതെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **Kerala has the second highest voter sex ratio in the country, says the Central Election Commission.**

5. ഉത്തരേന്ത്യയിൽ അതിശൈത്യം തുടരുന്നു, കാർഗിലിൽ റോഡ് ഗതാഗതം തടസ്സപ്പെട്ടു.

   **Extreme cold continues in North India, road traffic disrupts in Kargil.**

6. ഹോക്കി ഇന്ത്യ ലീഗിന് അല്പസമയത്തിനകം ഒഡീഷയിലെ റൂർക്കേലയിൽ തുടക്കമാകും.

   **Hockey India League to begin in Rourkela, Odisha shortly.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## MANMOHAN SINGH (INTRO)

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന് വിട നൽകി രാജ്യം. സംസ്കാര ചടങ്ങുകൾ ന്യൂഡൽഹിയിലെ നിഗം ബോധ് ഘട്ടിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ നടന്നു .

**ഒരു റിപ്പോർട്ട്..... (വോയ്സ്)**

## MANMOHAN SINGH (VOICE)

നിഗം ബോധ് ഘട്ടിൽ ഇന്ന് ഉച്ചയോടെയാണ് ഡോ. മൻമോഹൻ സിങ്ങിന്റെ സംസ്കാര ചടങ്ങുകൾ നടന്നത്. മതപരമായ പ്രാർത്ഥനകൾക്ക് ശേഷം സൈന്യം ഗാർഡ് ഓഫ് ഓണർ നൽകി. തുടർന്ന് രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ, ജഗത് പ്രകാശ് നദ്ദ, ലോക്സഭാ സ്പീക്കർ ഓം ബിർള , സേനാ മേധാവിമാർ എന്നിവർ മുൻ പ്രധാനമന്ത്രിക്ക് അന്തിമോപചാരം അർപ്പിച്ചു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, സോണിയ ഗാന്ധി, രാഹുൽ ഗാന്ധി തുടങ്ങി നിരവധി കോൺഗ്രസ് നേതാക്കളും പ്രിയ നേതാവിന് ആദരാഞ്ജലികൾ അർപ്പിക്കാൻ എത്തിയിരുന്നു ഭൂട്ടാൻ രാജാവ് ജിഗ്മെ വാങ് ചുക്ക് , മൗറീഷ്യസ് വിദേശകാര്യ മന്ത്രി ധനഞ്ജയ് റാംഫുൾ എന്നിവരും ആദരം അപ്പിച്ചു .നേരത്തെ ഡൽഹിയിലെ കോൺഗ്രസ് ആസ്ഥാനത്ത് നടന്ന പൊതുദർശനത്തിൽ നൂറുകണക്കിന് പേരാണ് മൻമോഹൻ സിങ്ങിന് യാത്രാ മൊഴി നേരാൻ എത്തിയത് . വ്യാഴാഴ്ച രാത്രിയാണ് വിഖ്യാത സാമ്പത്തിക വിദഗ്ധൻ കൂടിയായ ഡോ. മൻമോഹൻ സിങ് ഡൽഹി എയിമ്സിൽ അന്തരിച്ചത്.

**ന്യൂസ് ഡെസ്ക് ആകാശവാണി....**

&&&&&&&&&&&&&&&&&&

## HOME MINISTRY- MEMORIAL

മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗിന് സ്മാരകം നിർമിക്കാൻ സ്ഥലം കണ്ടെത്തുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് കോൺഗ്രസ് അധ്യക്ഷൻ

മല്ലികാർജുൻ ഖർഗെയുടെ കത്ത് സർക്കാരിന് ലഭിച്ചതായും മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## REV NCW-COMMITTEE

ചെന്നൈ അണ്ണാ സർവകലാശാലയിലെ ലൈംഗിക അതിക്രമ ആരോപണത്തെ കുറിച്ച് അന്വേഷിക്കുന്നതിന് രണ്ടംഗ സമിതിയെ നിയോഗിച്ച് ദേശീയ വനിതാ കമ്മിഷൻ. സംഭവം നടന്ന പശ്ചാത്തലം, അധികൃതർ സ്വീകരിച്ച നടപടി എന്നിവ സമിതി പരിശോധിക്കുമെന്ന് ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷ വിജയ രഹാട്കർ പ്രസ്താവനയിൽ പറഞ്ഞു. ലൈംഗീകാതിക്രമത്തിന് ഇരയായ വ്യക്തി, കുടുംബം, സുഹൃത്തുക്കൾ, അധികൃതർ, സന്നദ്ധ സംഘടനകൾ എന്നിവരുമായി സമിതി കൂടിക്കാഴ്ച നടത്തുമെന്നും കമ്മിഷൻ അറിയിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## PM-MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടിയായ 'മൻ കീ ബാത്തിന്റെ 117-ാം പതിപ്പ് നാളെ. രാവിലെ 11 മണിക്ക് ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം കേൾക്കാം. തുടർന്ന് പ്രാദേശിക ഭാഷകളിലും മൻ കി ബാത് ലഭ്യമാകും.

&&&&&&&&&&&&&&&&&&

## JOSHI- CABS

യാത്രാ ക്യാബുകൾ വ്യത്യസ്ത നിരക്ക് ഈടാക്കുന്നത് സംബന്ധിച്ച ആരോപണങ്ങൾ അന്വേഷിക്കാൻ കേന്ദ്ര ഉപഭോക്തൃ സംരക്ഷ അതോറിറ്റിക്ക് കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി നിർദ്ദേശം നൽകി. ആൻഡ്രോയിഡ്, ആപ്പിൾ ഉപകരണങ്ങളിൽ ഒരേ ദൂര യാത്രകൾക്ക് വ്യത്യസ്ത നിരക്കുകളാണ് ഈടാക്കുന്നത്. ഇതേക്കുറിച്ച് വിശദമായ അന്വേഷണം നടത്തി എത്രയും വേഗം റിപ്പോർട്ട് സമർപ്പിക്കാൻ സിസിപിഎയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന്

കേന്ദ്രമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ഭക്ഷ്യ സാധന വിതരണ ആപ്പുകൾ, ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് ആപ്പുകൾ തുടങ്ങി മറ്റ് മേഖലകളിലേക്കും പരിശോധന നടത്താൻ അദ്ദേഹം നിർദ്ദേശം നൽകി. ഉപഭോക്തൃ ചൂഷണത്തോട് സർക്കാർ ഒട്ടും സഹിഷ്ണുത കാണിക്കില്ലെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## EAM-US VISIT

വിദേശകാര്യമന്ത്രി എസ് ജയശങ്കർ നിയുക്ത അമേരിക്കൻ സുരക്ഷാ ഉപദേഷ്ടാവ് മൈക്കൾ വാൾട്സുമായി കൂടിക്കാഴ്ച നടത്തി. വിദേശകാര്യമന്ത്രിയുടെ അമേരിക്കൻ സന്ദർശനത്തിൻറെ ഭാഗമായിട്ടായിരുന്നു കൂടിക്കാഴ്ച. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരണം, ആഗോള പ്രശ്നങ്ങൾ എന്നിവയിൽ ചർച്ച നടത്തിയതായി ശ്രീ ജയശങ്കർ സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## ISRO-SPADEX

ബഹിരാകാശത്തു വച്ച് ഉപഗ്രഹങ്ങളെ കൂട്ടി യോജിപ്പിക്കുന്ന, ഐഎസ്ആർഒ യുടെ ഡോക്കിംഗ് പരീക്ഷണം - 'സ്പാഡെക്സ്' തിങ്കളാഴ്ച നടക്കും. കേന്ദ്ര ബഹിരാകാശ സഹമന്ത്രി ജിതേന്ദ്ര സിങ്ങാണ് ഇക്കാര്യം വ്യക്തമാക്കിയത്. രണ്ട് കൃത്രിമ ഉപഗ്രഹങ്ങളെ ബഹിരാകാശത്തിൽ വച്ച് കൂട്ടിച്ചേർക്കുന്നതിലൂടെ ചരിത്രപരമായ ദൗത്യമായിരിക്കും ഐഎസ്ആർഒ പൂർത്തീകരിക്കുക എന്നും ശ്രീ സിങ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## SEX RATIO - EC

വോട്ടർമാരുടെ ലിംഗാനുപാതത്തിൽ കേരളം ഇന്ത്യയിൽ രണ്ടാമതെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ. പുതിയ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഒരു കോടി 43 ലക്ഷത്തി 36,133 സ്ത്രീ വോട്ടർമാരാണുള്ളത്. ഇത് ആകെ വോട്ടർമാരുടെ 51.56 ശതമാനമാണ്. 1000 പുരുഷ

വോട്ടർമാർക്ക് 946 സ്ത്രീ വോട്ടർമാർ എന്ന ദേശീയ ശരാശരിയെക്കാൾ കൂടുതലാണ് നിലവിൽ സംസ്ഥാനത്തെ വോട്ടർമാരുടെ ലിംഗാനുപാതം. ലിംഗസമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള കേരളത്തിന്റെ പ്രതിബദ്ധതയാണ് വ്യക്തമാകുന്നതെന്ന് സംസ്ഥാന സർക്കാർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## AIR KERALA

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് എയർ കേരള എയർലൈൻ സർവീസ് ആരംഭിക്കുന്നതിന്റെ ധാരണാപത്രം തിങ്കളാഴ്ച ഒപ്പുവെക്കും. കേരള സർക്കാരിനും സിയാലിനും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്കുമായി 26 ശതമാനം ഓഹരിയുള്ള സ്ഥാപനമാണ് എയർ കേരള. കണ്ണൂരിന് പുറമെ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ നിന്നായിരിക്കും സർവീസ്.

&&&&&&&&&&&&&&&&&&

## TAJ KOCHIN – CM (INTRO)

ലോകത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും പരിഷ്കരിക്കപ്പെടണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളം, സിയാലിൻറെ പുതിയ സംരംഭമായ ' താജ് കൊച്ചിൻ ഇൻറർനാഷണൽ എയർപോർട്ട് ' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കൂടുതൽ വിമാനക്കമ്പനികളെ ആകർഷിക്കുക, പ്രാദേശിക കണക്ടിവിറ്റി വർധിപ്പിക്കുക, കൂടുതൽ സേവനങ്ങൾ ഡിജിറ്റൈസ് ചെയ്യുക തുടങ്ങിയവയാണ് സിയാലിന്റെ പ്രധാന പ്രവർത്തനങ്ങളെന്നും മുഖ്യമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയ്സ്)**

&&&&&&&&&&&&&&&&&&

## CHESS

ലോക ചെസ്സ് ചാമ്പ്യൻ ഡി ഗുകേഷ് പ്രധാനമന്ത്രി നരേന്ദ്രമോദിയെ സന്ദർശിച്ചു . ഡൽഹിയിലെ വസതിയിൽ എത്തിയാണ് ഗുകേഷ് പ്രധാനമന്ത്രിയെ കണ്ടത്. ഗുകേഷിന്റെ

പ്രതിബദ്ധതയും സമർപ്പണവും പ്രചോദനകരമെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## HOCKEY INDIA LEAGUE

ഹോക്കി ഇന്ത്യ ലീഗിന്റെ 2024-25 പതിപ്പ് അല്പസമയത്തിനകം ഒഡീഷയിലെ റൂർക്കേലയിൽ ആരംഭിക്കും. രാത്രി ബിർസ മുണ്ട സ്റ്റേഡിയത്തിൽ, ഡെൽഹി എസ് ജി പൈപ്പേഴ്സ്, ഗോനാസികയെ നേരിടും. രാത്രി 8:15 നാണ് മത്സരം. പുരുഷന്മാരുടെ ലീഗ് രണ്ട് ഘട്ടങ്ങളിലായാണ് നടക്കുക. ഒന്നാം ഘട്ടം ഇന്ന് മുതൽ ജനുവരി 18 വരെ നടക്കും. രണ്ടാം ഘട്ടം ജനുവരി 19 ന് ആരംഭിക്കും.

&&&&&&&&&&&&&&&&&&

## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോളിന്റെ സെമി ഫൈനൽ മത്സരങ്ങൾ നാളെ. ഉച്ചക്ക് രണ്ട് മണിക്ക് ബംഗാൾ സർവീസസിനെയും രാത്രി 7.30 ന് കേരളം മണിപ്പൂരിനെയും നേരിടും.

&&&&&&&&&&&&&&&&&&

## CRICKET

മെൽബണിൽ നടക്കുന്ന ബോർഡർ - ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയുടെ നാലാം മത്സരത്തിൽ ഓസ്ട്രേലിയക്കെതിരെ ഇന്ത്യക്ക് ബാറ്റിംഗ് തകർച്ച. മൂന്നാം ദിവസം 5 വിക്കറ്റിന് 164 റൺസ് എന്ന നിലയിൽ ബാറ്റിംഗ് പുനരാരംഭിച്ച ഇന്ത്യയ്ക്ക് ഓസീസിനെതിരെ ഫോളോ ഓൺ ഒഴിവാക്കാനായെങ്കിലും ലക്ഷ്യം മറികടക്കാനായില്ല. ഇന്ന് കളി അവസാനിപ്പിക്കുമ്പോൾ ഇന്ത്യ, 9 വിക്കറ്റ് നഷ്ടത്തിൽ 358 റൺസ് എന്ന നിലയിലാണ്.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## IMD WEATHER

ഹിമാചൽ പ്രദേശ്, ജമ്മു കശ്മീർ തുടങ്ങിയ ഇടങ്ങളിൽ മഞ്ഞു വീഴ്ച ശക്തമായതോടെ വിനോദസഞ്ചാരികൾക്ക് ഉൾപ്പടെ ജാഗ്രതാ നിർദേശം. അടുത്ത 3 ദിവസം രാജസ്ഥാൻ, പഞ്ചാബ്,

ഹരിയാന, ചണ്ഡീഗഡ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ കനത്ത മൂടൽമഞ്ഞിനും സാധ്യതയുണ്ട്. മധ്യപ്രദേശിൽ ഇടിമിന്നലോട് കൂടിയ ആലിപ്പഴ വർഷത്തിന് സാധ്യതയെന്നും കാലാവസ്ഥാ വിഭാഗം അറിയിച്ചു.

&&&&&&&&&&&&&&&&&&

## LADAKH-SNOWFALL

ലഡാക്കിൽ ശക്തമായ മഞ്ഞു വീഴ്ചയെ തുടർന്ന് കാർഗിലിലേക്കുള്ള റോഡ് ഗതാഗതം തടസപ്പെട്ടു. കാർഗിലിനേയും ശ്രീനഗറിനേയും തമ്മിൽ ബന്ധിപ്പിക്കുന്നതും കാർഗിലിനേയും സാസ്കറിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതുമായ രണ്ട് ദേശീയ പാതകൾ അടച്ചു. റോഡുകൾ എത്രയും വേഗം ഗതാഗത യോഗ്യമാക്കുമെന്ന് കാർഗിൽ ഡെപ്യൂട്ടി കമ്മീഷണർ അറിയിച്ചു. ശ്രീനഗറിലേയ്ക്കുള്ള വിമാന സർവീസുകളും റദ്ദാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## UTTARAKHAND- SNOWFALL

ഉത്തരാഖണ്ഡിൽ മലയോര മേഖലകളിൽ കനത്ത മഞ്ഞ്. ഉത്തരകാശി, ബാഗേശ്വർ, പിത്തോർഗഡ്, ചമോലി, പൗഡി, നൈനിറ്റാൽ, ഡറാഡൂൺ എന്നിവിടങ്ങളിലെ ഉയർന്ന പ്രദേശങ്ങളിൽ ശക്തമായ മഞ്ഞ് വീഴ്ചയാണ് അനുഭവപ്പെടുന്നത്. മഞ്ഞുവീഴ്ചയിലും മഴയിലും മേഖലയിൽ താപനില ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ARMY- SURYA KIRAN

സംയുക്ത സൈനികാഭ്യാസമായ സൂര്യ കിരണിന്റെ 18-ാമത് എഡിഷനിൽ പങ്കെടുക്കാൻ 334 പേരടങ്ങുന്ന ഇന്ത്യൻ കരസേനാ സംഘം നേപ്പാളിലേക്ക് പുറപ്പെട്ടു. ഈ മാസം 31 മുതൽ അടുത്ത മാസം 13 വരെയാണ് പരിപാടി. പർവതമേഖലകളിലെ തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങൾ, ദുരന്ത നിവാരണം തുടങ്ങിയവയിൽ പരസ്പര പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയാണ് സൈനികാഭ്യാസത്തിന്റെ ലക്ഷ്യം.

&&&&&&&&&&&&&&&&&&

## ASIAN FILM FESTIVAL

21-ാമത് തേർഡ് ഐ ഏഷ്യൻ ചലചിത്ര മേള അടുത്ത മാസം 10 മുതൽ 16 വരെ നടക്കും. മുംബൈയിലും താനെയിലുമായി നടക്കുന്ന മേളയിൽ 61 ചിത്രങ്ങൾ പ്രദർശിപ്പിക്കും. ചൈനീസ് സിനിമ ദി ബ്ലാക്ക് ഡോഗ് ആണ് ഉദ്ഘാടന ചിത്രം. തിരക്കഥാകൃത്തും ഗാന രചയിതാവുമായ ജാവേദ് അക്തറിന് ഏഷ്യൻ ഫിലിം കൾച്ചറൽ അവാർഡ് നൽകി ആദരിക്കും. മാധ്യമപ്രവർത്തകൻ റഫീക്ക് ബാഗ്ദാദിക്ക് സത്യജിത് റേ മെമ്മോറിയൽ പുരസ്കാരം സമ്മാനിക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&